24370
18/11/17

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് പുന:രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ 121/2017/പിവിവിവ തീയതി, തിരുവനന്തപുരം, 06/11/2017

പരാമർശം: 1) 24/12/2011-ലെ സ.ഉ (എം.എസ്) നം. 191/2011/LBR നമ്പർ സർക്കാർ ഉത്തരവ്.
2) 28/04/2012-ലെ സ.ഉ(സാധാ) നം. 643/2012/LBR നമ്പർ സർക്കാർ ഉത്തരവ്.
3) 02/03/2015-ലെ സ.ഉ(സാധാ) നമ്പർ 13/2015/പിസവിവ നമ്പർ സർക്കാർ ഉത്തരവ്.
4) 14/08/2017-ലെ സ.ഉ(സാധാ) നമ്പർ 86/2017/പിവിവിവ നമ്പർ സർക്കാർ ഉത്തരവ്
5) 06/10/2017-ൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ചേമ്പറിൽ വെച്ച് കൂടിയ സ്പെഷ്യൽ മീറ്റിംഗ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സംസ്ഥാനത്തെ മൺപാത്ര നിർമ്മാണം കലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള സമുദായങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ പിന്നോക്ക സമുദായ വികസന വകുപ്പിന് കൈമാറിയിരുന്നു.

പരാമർശം (3) പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ രജിസ്റ്റർ ചെയ്യുന്ന ആവശ്യത്തിലേക്ക് ഡയറക്ടർ ബോർഡ് അംഗങ്ങളെ നിയമിച്ചുകൊണ്ടും ഷെയർ വിഹിതം നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷനിൽ ശ്രീ. കെ.എൻ. കുട്ടമണി, കൊമ്പത്ത് വളപ്പിൽ ഹൗസ്, രാമവർമ്മപുരം (പി.ഒ), തൃശ്ശൂർ-680 631-നെ ചെയർമാനും ഡയറക്ടർ ബോർഡ് അംഗവുമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(....2)

പരാമർശം (5)-ലെ യോഗ നടപടിക്കുറിപ്പ് പ്രകാരം കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ ഔദ്യോഗിക അംഗങ്ങളായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ച് കൊണ്ട് ഡയറക്ടർ ബോർഡ് പുന:രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡോ. വേണു. വി IAS,
പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.
2. ശ്രീ. സുരേഷ് കുമാർ. പി.എൻ,
ജോയിന്റ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.
3. ശ്രീ. പി. പുകഴേന്തി IFS,
ഡയറക്ടർ (in charge), പിന്നാക്ക വിഭാഗ വികസന വകുപ്പ്.
4. ശ്രീമതി. വനജകുമാരി അമ്മ. എസ്,
അണ്ടർ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ. പി.എൻ**
**ഗവ. ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് ,
കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ചെയർമാൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന
ക്ഷേമ വികസന കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് , തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂമീഡിയ
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Chandrika Paul

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
അണ്ടർ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്